II ഇ.ബി. XII കേരള നിയമസഭ/XV-14

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

**2010 ജൂലൈ 16, വെള്ളി**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

44 (*391) **മൂന്നാറിൽ ടാറ്റായുടെ കൈവശമുള്ള വനഭൂമി**

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) നൽകിയ മറുപടിയിൽ, 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമത്തിന്റെ ലംഘനം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച ടീം മൂന്നാറിൽ സന്ദർശനം നടത്തുകയും ഇടുക്കി ജില്ലാ കളക്ടറുമായി ഇടുക്കിയിൽ വച്ചും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ് സെക്രട്ടറി എന്നിവരുമായി തിരുവനന്തപുരത്ത് വച്ചും ചർച്ചകൾ നടത്തുകയും കെ.ഡി. എച്ച്.പി. കമ്പനി അവരുടെ കൈവശമുള്ള സ്ഥലത്തിന്റെ അളവ്, ഉപയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ച് വിശദമായ ഒരു മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് പ്രസ്തുത സമിതി ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ (നിയന്ത്രണവും പുനരവകാശ സ്ഥാപനവും) ആക്ട് സംബന്ധിച്ച് പഠിക്കുന്നതിന് സുപ്രീംകോടതി നിയമിച്ച

സെൻട്രൽ എംപവേർഡ് കമ്മിറ്റി അംഗങ്ങൾ ഉള്ള ഒരു ടീം വയനാട്, പാലക്കാട് ജില്ലകൾ സന്ദർശിച്ചിട്ടുണ്ടെന്നും 1974-ലെ ലാന്റ് ബോർഡ് അവാർഡ് പ്രകാരം കെ.ഡി.എച്ച്. പ്ലാന്റേഷന്റെ കൈവശം ആകെ 57192.65.580 ഏക്കർ ഭൂമി ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും ഇതിൽ 23239.06 ഏക്കർ തേയില കൃഷിക്കും 16898.91 ഏക്കർ വിറക് ആവ ശ്യത്തിനുള്ള പ്രദേശമായും 1220.77 ഏക്കർ മേച്ചിൽ പ്രദേശമായും 2617.69 ഏക്കർ കെട്ടിടങ്ങൾ, റോഡുകൾ മുതലായവ ഉൾപ്പെടുന്ന പ്രദേശമായും 2465.20 ഏക്കർ അരുവികളുടെ ചതുപ്പു ചേർന്ന പ്രദേശമായും 6393.59 ഏക്കർ കൃഷിയോഗ്യമല്ലാത്ത പ്രദേശമായും 4523.92 ഏക്കർ തോട്ടങ്ങ ളുടെയിടയിൽ കിടക്കുന്ന കൃഷിയില്ലാത്ത പ്രദേശമായും ലാന്റ് ബോർഡ് തിട്ട പ്പെടുത്തിയിരിക്കുന്നുവെന്നും കെ.ഡി.എച്ച് വില്ലേജിലെ ഭൂമി സർവ്വെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി.

45 (*392) <u>വിദ്യാഭ്യാസ വകുപ്പിലെ ഇ-ഗവേണൻസ്</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) നൽകിയ മറുപടിയിൽ, സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് പ്രവർത്തന മികവിന്റെ പേരിൽ 2006-ൽ ദേശീയ ഇ-ഗവേണൻസ് പുരസ്കാരവും 2008-ൽ ഡിജിറ്റൽ ലേണിംഗ് വിഭാഗത്തിൽ ഇന്ത്യയിലെ മികച്ച സർക്കാർ ഐ.റ്റി. സംരംഭത്തിനുള്ള 'ഇ-'ഇന്ത്യ 2008' അവാർഡും ഏകജാലക സംവിധാനത്തിന് 2009-ലെ നാഷണൽ ഇ-ഗവേണൻസ് അവാർഡും ലഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പൊതു വിദ്യാഭ്യാസ വകു

പ്പിലെ 'ഇ' ഗവേണൻസ് സംരംഭങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് ഐ.റ്റി.@ സ്ക്കൂൾ ആണ്. ഈ പ്രോജക്ടിന്റെ നേതൃത്വത്തിൽ അദ്ധ്യാപകരുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും സ്ഥലം മാറ്റവും നിയമനവും, സ്കൂൾ ഉച്ച ഭക്ഷണ പരിപാടിയുടെ കമ്പ്യൂട്ടർവൽക്കരണം, സമ്പൂർണ്ണ കായികക്ഷമതാ പരിപാടിയുടെ കമ്പ്യൂട്ടർവൽക്കരണം, കേരള സ്കൂൾ കലോൽസവം നടത്തിപ്പ് ഓൺലൈനാക്കൽ, കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പ്രവേശന പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം, പാഠപുസ്തക വിതരണത്തിലുള്ള ഇന്റന്റിംഗ് ഓൺലൈനാക്കൽ, 'സ്പാർക്ക്' വിദ്യാഭ്യാസ വകുപ്പിൽ നടപ്പാക്കൽ, പ്രീ-മെട്രിക് സ്കോളർഷിപ്പിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തൽ, ഇ-ടെക്സ്റ്റ്ബുക്ക് ലഭ്യമാക്കൽ, വെബ്പോർട്ടൽ ലഭ്യമാക്കൽ, ഹയർസെക്കന്ററി പ്രവേശനത്തിനുള്ള ഏകജാലക സംവിധാനത്തിനാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കൽ, എസ്.എസ്.എൽ.സി പരീക്ഷാ ഫലം 'നെറ്റിൽ' ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇ-ഗവേണൻസ് കാര്യക്ഷമമായി നടപ്പാക്കുകയും സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകൾക്കും കേരള സർവ്വകലാശാലയിൽ പി.ജി. കോഴ്സുകൾക്കുമുള്ള പ്രവേശനം ഓൺലൈനാക്കുകയും മറ്റ് സർവ്വകലാശാലകളിലെ പ്രവേശനം ഓൺലൈനാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഏകജാലക സംവിധാനംവഴി മെറിറ്റിന്റേയും സംവരണതത്വത്തിന്റേയും അടിസ്ഥാനത്തിൽ ഹയർ സെക്കന്ററിതല പ്രവേശനം കുറ്റമറ്റ രീതിയിൽ നടത്താൻ കഴിഞ്ഞിട്ടുണ്ട്. പരീക്ഷാ സംബന്ധമായ ജോലികൾ ഓൺലൈനാക്കുന്ന പ്രക്രിയ പുരോഗമിച്ചു വരികയാണ്. സ്കോളർഷിപ്പ് പദ്ധതികളുടെ

അപേക്ഷ സ്വീകരിക്കൽ, വിതരണം തുടങ്ങിയവയും ഓൺലൈനാക്കിയി ട്ടുണ്ട്. എ.ഇ.ഒ.മാരുടേയും ഹൈസ്ക്കൂൾ/ഹയർ സെക്കന്ററി മേഖലയിലെ അദ്ധ്യാപകരുടേയും സ്ഥലംമാറ്റം ഓൺ ലൈനാക്കിയതിലൂടെ ഈ രംഗത്തുണ്ടായിരുന്ന അഴിമതി ഒരു പരിധിവരെ കുറയ്ക്കാൻ കഴിഞ്ഞി ട്ടുണ്ടെന്നും സംസ്ഥാന സ്ക്കൂൾ കലോത്സവം, ഉച്ചഭക്ഷണ പരിപാടിയുടെ നിർവ്വഹണം എന്നിവയ്ക്ക് ഇ-ഗവേണൻസ് സംവിധാനം പ്രയോജനപ്പെടു ത്തിയിട്ടുണ്ടെന്നും പ്രവേശന പരീക്ഷ സമ്പ്രദായം മുഴുവൻ ഇ-ഗവേ ണൻസിന്റെ തത്വങ്ങൾ പാലിച്ചുകൊണ്ടാണ് നടപ്പാക്കുന്നതെന്നും സാങ്കേ തിക വിദ്യാഭ്യാസ വകുപ്പിലും ഇത് നടപ്പാക്കുന്നതാണെന്നും മന്ത്രി വ്യക്ത മാക്കി. കേന്ദ്ര സഹായത്തോടെ എല്ലാ സർവ്വകലാശാലകളിലും കോളേജുക ളിലും നാഷണൽ മിഷൻ ഓൺ ഐ.സി.റ്റി. പദ്ധതിയും നടപ്പാക്കുന്നതാണ്. എട്ടാം ക്ലാസ്സിൽ മിക്കവാറും എല്ലാ വിഷയങ്ങളിലും ഐ.സി. റ്റി. അധിഷ്ഠിത പഠനം നടപ്പാക്കുന്നതിനായി അറുപതിനായിരം അദ്ധ്യാപകർക്ക് വിതരണം ചെയ്യുന്നതിനുള്ള സി.ഡി.കളുടെ പ്രകാശന കർമ്മം നിർവ്വഹിക്കുകയുണ്ടായി നാട്ടിൻപുറത്തെ സ്കൂളുകളിലും ഐ.ടി. പഠന സൗകര്യം ഏർപ്പെടുത്താനു ള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്. 5, 6, 7 സ്റ്റാൻഡേർഡുകളിൽ കമ്പ്യൂട്ടറും കമ്പ്യൂട്ടർ അധിഷ്ഠിത പഠനവും നടത്തുന്നതിനാവശ്യമായ സംവി ധാനങ്ങളുണ്ടാക്കി അദ്ധ്യാപകരെ പരിശീലിപ്പിച്ച് പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്. ഓരോ സ്കൂളിലും ഓരോ കമ്പ്യൂട്ടർ എന്നതിലുപരി ഓരോ ക്ലാസ് റൂമിലും കമ്പ്യൂട്ടർ ഉപയോഗിക്കാൻ കഴിയുന്നതരത്തിൽ 20,000 ക്ലാസ് മുറികൾ വൈദ്യുതീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഏതാണ്ട് 6.5 കോടി രൂപ മുടക്കി വ്യത്യസ്ത മേഖലകളിൽ ഹാർഡ് വെയർ

ക്ലിനിക്കുകൾ ആരംഭിക്കുകയും കെൽട്രോണിലെ വിദഗ്ദ്ധരുടെ സഹായ ത്തോടുകൂടി കമ്പ്യൂട്ടറുകൾക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതി നുള്ള പരിശീലനം ഓരോ സ്കൂളുകളിലേയും രണ്ടുമൂന്ന് അദ്ധ്യാപകർക്ക് വീതം നൽകുകയും ചെയ്തതിലൂടെ 49 കോടി രൂപയുടെ നേട്ടം ഉണ്ടായിട്ടു ണ്ട്. 2009-10 -ൽ സംസ്ഥാനത്തെ സർക്കാർ മേഖലയിലെ ഹൈസ്ക്കൂളു കൾ, ഹയർ സെക്കന്ററി സ്ക്കൂളുകൾ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകൾ, ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ. ഓഫീസുകൾ എന്നിവിടങ്ങളിലും ഐ.സി.ടി. പദ്ധതിയിലുൾപ്പെട്ട എയ്ഡഡ് സ്ക്കൂളുകളിലും ബ്രോഡ് ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുകയും ബ്രോഡ്ബാന്റ് സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ വയർലെസ് രൂപത്തിൽ ലഭ്യമാക്കിയിട്ടുള്ള ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുകയും എക്സ്ചേഞ്ചുകളിൽ ബ്രോഡ്ബാന്റ് സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് മാറ്റി നൽകുന്നതിനുള്ള ക്രമീകരണം ഒരു ക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവ യ്ക്കുന്ന സ്കൂളുകൾക്ക് ഉപജില്ലാടിസ്ഥാനത്തിൽ അംഗീകാരം നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണെന്നും പത്താം ക്ലാസ് വരെയുള്ള കുട്ടിക ളുടെ ജനനത്തീയതി തിരുത്തലിനുള്ള അപേക്ഷകൾ ഡി.ഇ.ഒ. ഓഫീസിലും സ്വീകരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും പത്താം ക്ലാസ് പരീക്ഷയ്ക്ക് ഫീസടച്ച കുട്ടികളുടെ അപേക്ഷകൾ മാത്രം പരീക്ഷാ ഭവനിൽ സമർപ്പിച്ചാൽ മതിയെന്നും ജനനത്തീയതി തിരുത്തലുമായി ബന്ധപ്പെട്ട് തൃശ്ശൂ രിലും കോഴിക്കോടും അദാലത്തുകൾ സംഘടിപ്പിക്കുന്നതാണെന്നും എല്ലാ സ്കൂളുകൾക്കും സ്വന്തമായി കെട്ടിടങ്ങൾ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണെന്നും മന്ത്രി അറിയിച്ചു. തെക്കൻ ജില്ലകളിൽ പ്ലസ്

ടുവിന് 20 ശതമാനം സീറ്റ് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് നേരത്തെ തീരുമാനമെടുത്തിരുന്നുവെന്നും തൃശ്ശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഈ വർഷംതന്നെ സി.ബി.എസ്.ഇ വിദ്യാർത്ഥികൾക്കുൾപ്പെടെ പ്ലസ് ടു പഠന സൗകര്യം ഏർപ്പെടുത്തുന്നതാണെന്നും കാർഷിക രംഗത്ത് ഏർപ്പെടുത്തിയതുപോലെ കമ്പ്യൂട്ടർ ഉപയോഗിക്കുന്ന സ്കൂളുകൾക്ക് വൈദ്യുതി ചാർജിൽ ഇളവനുവദിക്കുന്ന കാര്യം വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണെന്നും കമ്പ്യൂട്ടറിലൂടെ നൽകുന്ന സർട്ടിഫിക്കറ്റുകളുടേയും മറ്റും ക്വാളിറ്റി മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി സഭയെ മന്ത്രി അറിയിച്ചു.

46 (*393) <u>സാമൂഹ്യ വികസനം പോളിടെക്നിക്കുകളിലൂടെ എന്ന പദ്ധതി</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 'സാമൂഹ്യ വികസനം പോളിടെക്നിക്കുകളിലൂടെ' എന്ന പദ്ധതിയിലൂടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ പിന്നോക്കം നിൽക്കുന്ന ഗ്രാമവാസികളുടെ ഉന്നമനം, നിർദ്ധനരും തൊഴിൽരഹിതരുമായ യുവതലമുറയ്ക്ക് സ്വയംപര്യാപ്തമായ ജീവിത സൗകര്യങ്ങൾ ഉറപ്പാക്കുക, പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗങ്ങൾ, കിടപ്പാടമില്ലാതെ പാതയോരങ്ങളിൽ കഴിയുന്ന ബാല്യങ്ങൾ, ശാരീരിക വൈകല്യമുള്ളവർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ ഉൾപ്പെടെ ഔപചാരിക വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാതെ പോയവർക്ക് വിവിധ തൊഴിലധിഷ്ഠിത വിഷയങ്ങളിൽ സൗജന്യ പരിശീലനം നൽകുക, സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകൾ കേന്ദ്രമാക്കി പ്രാന്ത പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സാമൂഹ്യ സാംസ്കാരിക-സ്വയംഭരണ

സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ പ്രായം-ലിംഗം-യോഗ്യത എന്നിവ പരിഗണിക്കാതെ വർഷംതോറും 24000 തൊഴിൽരഹിതർക്ക് അനുയോജ്യമായ തൊഴിലുകളിൽ സൗജന്യ പരിശീലനം നൽകുക, കാലാനുസൃതവും അനുയോജ്യവുമായ നൂതന സാങ്കേതിക വിഷയങ്ങളിൽ സൗജന്യ പ്രായോഗിക പരിശീലനം നൽകുക, പരമ്പരാഗത തൊഴിലുകളിൽ പുതിയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഉൽപ്പാദനക്ഷമതയും ഗുണനിലവാരവും മെച്ചപ്പെടുത്തി വിപണന സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സൗജന്യ സാങ്കേതിക സഹായം നൽകുക എന്നിവ യ്ക്കാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് സഭയെ അറിയിച്ചു. സാങ്കേതിക വിദ്യ യുടെ പ്രയോജനം ഗ്രാമീണ മേഖലകളിൽ എത്തിക്കുന്നതിന് നൈപുണ്യ വികസന കോഴ്സുകൾ ഉപയോക്താക്കൾക്ക് നൽകുക, പരമ്പരാഗത തൊഴിലുകളിൽ പുതിയ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക, ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്തതും പാർശ്വവൽക്കരിക്കപ്പെട്ടതുമായ ജനവിഭാഗത്തിന് നൂതന സാങ്കേതിക വിഷയങ്ങളിൽ സൗജന്യ പ്രായോഗിക പരിശീലനം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ പ്രസ്തുത പദ്ധതിയിലൂടെ നടത്തിവരുന്നു. പോളിടെക്നിക്കുകളെ കൂടാതെ ഐ.എച്ച്.ആർ.ഡി, എൽ.ബി.എസ്, വൊക്കേഷണൽ ഹയർസെക്കന്ററി സ്ഥാപനങ്ങൾ വഴി ഒരു ലക്ഷത്തോളം പേർക്ക് നൈപുണ്യ പരിശീലനം നൽകാനുള്ള പദ്ധതിയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. കേരള കാർഷിക സർവ്വകലാശാലയുടെ തവന്നൂരിലുള്ള അഗ്രിക്കൾച്ചറൽ എൻജിനീയറിംഗ് കോളേജിനു കീഴിൽ അഗ്രിക്കൾച്ചറൽ പോളിടെക്നിക് ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിരുന്നു വെങ്കിലും അവിടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പോരാതെ വന്നതിനാൽ വിശദമായ നിർദ്ദേശം സമർപ്പിക്കാൻ തവന്നൂരിലെ

അഗ്രിക്കൾച്ചറൽ എൻജിനീയിറിംഗ് കോളേജ് ഡീനിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഇത്തരത്തിലുള്ള ഏതെങ്കിലും സ്ഥാപനം ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും കൂടുതൽ സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

47 (*394) <u>ബസ്സുകളുടെ ബോഡി നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാര പരിശോധന</u>

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2196 പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ടെന്നും ARAI-ലെ ഉദ്യോഗസ്ഥർ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ബസ് ബോഡി നിർമ്മാണത്തിന് കെ.എസ്.ആർ.ടി.സി-യുടെ പാപ്പനംകോട്ടുള്ള സെൻട്രൽ വർക്സ് വർക്ക്ഷോപ്പിന് ബി-ക്ലാസ് അക്രഡിറ്റേഷൻ ലഭിക്കുകയുണ്ടായിയെന്നും ഇപ്രകാരം അക്രഡിറ്റേഷൻ ലഭിച്ച കേരളത്തിലെ ഏക സ്ഥാപനം കെ.എസ്.ആർ.ടി.സി-യാണെന്നും സഭയെ അറിയിച്ചു. ബസ്സുകളുടെ ബോഡി നിർമ്മാണം അസോസ്സിയേഷൻ ഓഫ് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗിൽ നിന്നും ഓട്ടോമോട്ടീവ് റിസർച്ച് അസോസ്സിയേഷൻ ഓഫ് ഇന്ത്യയുടെ മാനദണ്ഡവും രൂപരേഖയും പ്രകാരം ബോഡി ബിൽഡിംഗ് നടത്തണമെന്ന നിർദ്ദേശം കെ.എസ്.ആർ.ടി.സി-ക്ക് ലഭിക്കുകയും കെ.എസ്.ആർ.ടി.സി. അതുപ്രകാരം ബോഡി നിർമ്മാണം നടത്തിവരികയും ചെയ്യുന്നുണ്ട്. ബസ്സുകളുടെ ഫിറ്റ്നസ് പരിശോധന കാര്യക്ഷമമാക്കുന്നതിന്

ആർ.റ്റി.ഒ- മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എല്ലാ ബസ്സുകളുടേയും യന്ത്രസാമഗ്രികളുടെ ഗുണനിലവാരം പരിശോധിച്ചശേഷമാണ് സർട്ടിഫിക്കേഷൻ നൽകുന്നതെന്നും കണ്ടം ചെയ്ത ബസ്സുകളുടെ ഡമ്പിംഗ് സെന്റർ പാറശ്ശാലയിലേയ്ക്ക് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി സഭയെ മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3746 മുതൽ 4055 വരെയുള്ള ചോദ്യങ്ങളിൽ 107 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)